**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1524**

**01.11.2019 - ൽ**
**മറുപടിയ്ക്ക്**

**നല്ല വിത്തുകൾ/നടീൽവസ്തുക്കൾ ലഭ്യമാക്കുന്നതിന് നടപടി**

| **ചോദ്യം**<br>**ശ്രീ.എം. സ്വരാജ്** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കായി നല്ല ഇനം വിത്തുകൾ/നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിയ്ക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ/നടീൽവസ്തുക്കൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉൽപാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള വിത്ത് വികസന അതോറിറ്റി (KSSDA) മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം കൃഷി വകുപ്പിന്റെ 8 കോക്കനട്ട് നഴ്സറികൾ മുഖാന്തിരം ഗുണമേന്മയുള്ള നെടിയഇനം തെങ്ങിൻ തൈകൾ, റ്റി x ഡി, ഡി x റ്റി ഉൾപ്പെടെ സങ്കരയിനം തെങ്ങിൻ തൈകൾ, CGD, COD, MYD ഉൾപ്പെടെ കുറിയ ഇനം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, വാഴ തൈകൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ വഴിയും, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ മുഖേന വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ, |

അലങ്കാരചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവയും ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറിക്കൾച്ചർ & ബയോടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴ തൈകൾ, പച്ചക്കറി തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.), നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ (ബി.എം.എഫ്.സി.), കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രി കൾച്ചറൽ റിസർച്ച്(ഐ.സി.എ.ആർ.) സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സീഡ് സർട്ടിഫിക്കേഷനു വേണ്ടി ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികളും കൃഷി വകുപ്പ് ആരംഭി ച്ചിട്ടുണ്ട്.

2018-19 വർഷത്തിൽ നെൽകൃഷിക്കു വേണ്ടി 125.00 ലക്ഷം രൂപ പദ്ധതി വിഹിതം ചെലവഴിച്ച് കൊണ്ട് രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി 2115.545 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. 2019-20 വർഷത്തിൽ 2650 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ചെയ്തു വരുന്നു.

| | |
|---|---|
| **ബി)** ഇതിലൂടെ ഉണ്ടായിട്ടുള്ള നേട്ടത്തിന്റെ തോത് വ്യക്തമാക്കുമോ? | **ബി)** ഗുണമേന്മയുള്ള വിത്തുകൾ / നടീൽ വസ്തുക്കൾ വിതരണം ചെയ്യതിലൂടെ വിളകളുടെ തനതായ സ്വഭാവ സവിശേഷത, ഉത്പാദനക്ഷമത എന്നിവ നിലനിർത്തുന്നതിനും, ഉത്പാദനവർദ്ധനവ് കൈവരിക്കുന്നതിനും സാധിച്ചു. ഗുണമേന്മ സംബന്ധിച്ച സർട്ടിഫിക്കേഷനോട് കൂടി കർഷകർക്ക് വിതരണം ചെയ്ത നെൽവിത്തിന്റെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. വിവിധ സർക്കാർ ഫാമുകളിൽ 2018-19 വർഷം ഉൽപാദിപ്പിച്ച നടീൽ വസ്തുക്കളുടെ വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

## ഗുണമേന്മ സംബന്ധിച്ച സർട്ടിഫിക്കേഷനോട് കൂടി കർഷകർക്ക് വിതരണം ചെയ്ത നെൽവിത്തിന്റെ വിവരം

| വർഷം | വിതരണം ചെയ്ത സർട്ടിഫൈഡ് നെൽവിത്തിന്റെ അളവ് (മെട്രിക് ടൺ) |
|---|---|
| 2016-17 | 5422.02 |
| 2017-18 | 7783.79 |
| 2018-19 | 9654.62 |
| 2019 ( വിരിപ്പ് സീസൺ) | 4932.22 |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 2

## വിവിധ സർക്കാർ ഫാമുകളിൽ 2018-19 വർഷം ഉൽപാദിപ്പിച്ച നടീൽ വസ്തുക്കളുടെ വിവരങ്ങൾ

| | |
|---|---|
| പ്ലാവ് ഗ്രാഫ്റ്റ് | 16737 എണ്ണം |
| മാവ് ഗ്രാഫ്റ്റ് | 48518 എണ്ണം |
| സപ്പോട്ട ഗ്രാഫ്റ്റ് | 18202 എണ്ണം |
| പേര ലെയർ | 8530 എണ്ണം |
| മാൾട്ട നാരങ്ങ ലെയർ | 1275 എണ്ണം |
| ജാതി ഗ്രാഫ്റ്റ് | 13404 എണ്ണം |
| ചെറി ലെയർ | 6799 എണ്ണം |
| പാഷൻ ഫ്രൂട്ട് തൈകൾ | 20394 എണ്ണം |
| കശുമാവ് ഗ്രാഫ്റ്റ് | 116818 എണ്ണം |
| കുടംപുളി ഗ്രാഫ്റ്റ് | 4933 എണ്ണം |
| കറിവേപ്പ് തൈ | 105926 എണ്ണം |
| പപ്പായ തൈ (ഓർഡിനറി) | 18820 എണ്ണം |
| പപ്പായ തൈ (റെഡ് ലേഡി) | 7270 എണ്ണം |
| അടയ്ക്കാ തൈ | 115773 എണ്ണം |
| വാഴ തൈ | 42787 എണ്ണം |
| ഓർണമെന്റൽ ചെടികൾ | 8019 എണ്ണം |
| ടിഷ്യൂ കൾച്ചർ വാഴത്തൈകൾ | 430319 എണ്ണം |
| വേരു പിടിപ്പിച്ച കുരുമുളക് | 2399523 എണ്ണം |
| പച്ചക്കറി വിത്ത് | 2461.30 കി.ഗ്രാം |
| പച്ചക്കറി തൈകൾ | 843362 എണ്ണം |
| നെൽ വിത്ത് | 233 ടൺ |

| തെങ്ങിൻ തൈകൾ (എണ്ണം) | 2018-19 | 2019-20 |
|---|---|---|
| WCT | 253108 | 197163 |
| ഡ്വാർഫ് | 9853 | 43452 |
| ഹൈബ്രിഡ് | 45064 | 84360 |
| സെഗ്രഗെന്റ്സ് | 17893 | - |

സെക്ഷൻ ഓഫീസർ